Overseas Indians' Legal Cell
ESTD.1996
501, Metro Plaza, Market Road, Kochi, Kerala, India – 682018
Tel. 0484-4854775 / 2397550. Email: info@legalcell.com

**25th Nov.2019**
**Kochi**

**To**

**Sri. M.A. Yusuff Ali,**
**Vice Chairman, Norka Roots,**
**Thycaud, Thiruvananthapuram -695014.**

പ്രിയ യൂസഫ് അലി സാറിന്,

Sub: "യു.എ.ഇ.യുടെ കോടതിവിധികൾ നടപ്പാക്കുന്നതിനു വേണ്ടിയുള്ള വിധി ഉടമയുടെ സഹായ അഭ്യർത്ഥന"

അബുദാബിയിലെ ഉന്നത ന്യായാലയങ്ങളുടെ ആവർത്തിച്ചുള്ള വിധികൾക്കു യാതൊരു വിലയും കൽപ്പിക്കാതെ ചില ഉന്നതർ നടത്തിയ ക്രൂരകൃത്യങ്ങളുടെ ഫലമായി തീവ്രപീഢനങ്ങൾ അനുഭവിക്കേണ്ടി വന്ന ഒരു നിക്ഷേപകനാണ് (P.K. Jabir) ഇതെഴുതുന്നത്.

വിധിപ്രകാരമുള്ള നിയമബാധ്യതകളെ ഒഴിവാക്കുന്നതിനുവേണ്ടി, കോടതി ഉത്തരവുകൾ മറച്ചുവെയ്ക്കുകയും കൃത്രിമം കാണിക്കുകയും മറ്റു ഹീനകൃത്യങ്ങൾ നടത്തുകയും ചെയ്ത, ഈ അതിദുഷ്ടരായ കടക്കാരെ (Judgment debtor) നിയമത്തിനു മുമ്പിലെത്തിക്കാൻ കഴിഞ്ഞ 25 വർഷമായി വിധി ഉടമ (Judgment creditor) ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ലോകത്തെ ഏതെങ്കിലും ഭരണാധികാരി, സ്വന്തം രാജ്യത്തെ കോടതി വിധികൾ മന:പൂർവ്വം ഒളിച്ചുകൊണ്ട്, ഒരു വിദേശനിക്ഷേപകനെ പുറത്താക്കുമോ?

അബുദാബിയിൽ നടന്ന സമാനമില്ലാത്തതും ചരിത്രപരവുമായ ഈ അന്യായം പരിഹരിക്കുന്നതിനും സത്യം പുറത്തുകൊണ്ടുവരുന്നതിനും വേണ്ടി വിധി ഉടമയായ നിക്ഷേപകനെ സഹായിക്കാൻ താങ്കൾക്കുകഴിയുമെന്ന ഉത്തമ വിശ്വാസത്തിലാണ് ഇതെഴുതുന്നത്. പരാതിയുടെ ഒരു സംക്ഷിപ്തരൂപം താഴെ നൽകുന്നു.

1995–ൽ നിക്ഷേപകൻ, അബുദാബിയിൽ തന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന പ്രീമിയർ ജനറൽ കോൺട്രാക്ടിങ്ങ് (Al Raeezi) മുഖേന ഒരു ബഹുനില ക്കെട്ടിടം വാടകയ്ക്ക് (Lease-build) എടുത്ത് കാര്യമായ തുക അതിന്റെ പ്രവർത്തനത്തിനായി ചിലവഴിച്ചിരുന്നു. ഇതിൽ നിരന്തരം വഞ്ചിക്കപ്പെടുകയും ഭീഷണികൾ നേരിടുകയും ചെയ്തപ്പോൾ നിയമത്തിന്റെ പരിരക്ഷ ലഭിക്കുന്നതിനായി കോടതിയെ സമീപിക്കുകയും, വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അനുകൂലവിധി നേടുകയും ചെയ്തു.

സിവിൽ നിയമകോടതിയുടെ വിധി നിർണ്ണയത്തിൽ (Interim Judgment) പ്രതിഷേധിച്ച എമിറാത്തി ഭൂവുടമ (Mr.Hassan Saeed) നിക്ഷേപകനെതിരെ പ്രതികാരനടപടിക്കൊരുങ്ങുകയും, കേസ്സ് അട്ടിമറിക്കാനുള്ള ഉദ്ദേശത്തോടെ 26.10.1995 ഒരു വ്യാഴാഴ്ച ദിവസം, സിവിൽ വേഷധാരിയായ ഒരു പോലീസുകാരനുമായി (Mr.Abdul Khader, അയാളുടെ കൈയ്യിൽ ഭാരമുള്ള ഒരു കമ്പിപ്പാരയും, തോളിൽ വടിവാളിനു സമാനമായ കൈവിലങ്ങും തൂങ്ങിക്കിടപ്പുണ്ടായിരുന്നു) മാരകായുധങ്ങൾ സഹിതം നിക്ഷേപകന്റെ ഓഫീസിൽ അതിക്രമിച്ചുകയറി, ഭൂവുടമയുമായുള്ള കോൺട്രാക്റ്റിന്റെ ഒറിജിനലും പണവുമാവശ്യപ്പെട്ടു.

ശേഷം തികച്ചും ആസൂത്രിതമായ രീതിയിൽ, നിക്ഷേപകനെ അടിച്ചു വീഴ്ത്തി, ലോക്കർറൂമും ഫർണീച്ചറുകളുമെല്ലാം കമ്പിപ്പാര ഉപയോഗിച്ച് അടിച്ചുതകർത്ത് സേഫിലുണ്ടായിരുന്ന പണവും രേഖകളുമെല്ലാം അപഹരിച്ചു. ഈ സമയം ഓഫീസിൽ തന്റെ അനുജൻ വന്നതറിഞ്ഞു നിക്ഷേപകൻ വാതിൽ അടയ്ക്കാനും പോലീസിനെ വിളിക്കാനും ആവശ്യപ്പെട്ടു. അക്രമിയായ പോലീസുകാരനാവട്ടെ, കിട്ടിയിടത്തോളം പണവുമെടുത്ത് പുറത്തേയ്ക്കോടി. എമിറാത്തിയ്ക്ക് ഇതിനിടയിൽ പുറത്തു കടക്കാൻ കഴിഞ്ഞില്ല.

അൽപ്പസമയത്തിനകം വന്ന രണ്ടുപോലീസുകാർ പക്ഷേ, അതിക്രമിച്ചു കയറിയവരിൽ നിന്നും നിക്ഷേപകനെ സംരക്ഷിക്കുന്നതിനു പകരം, അവർ, അക്രമികളായ അറബികളുമായി ചേർന്നു നിക്ഷേപകനെയും അനുജനേയും വിലങ്ങുവെച്ച്, അതിക്രൂരമായി മർദ്ദിച്ചുകൊണ്ട്, വലിച്ചിഴച്ച്, പോലീസു വാഹനത്തിൽ കയറ്റി, രഹസ്യമായ ഒരു പീഡനകേന്ദ്രത്തിലെത്തിച്ചു.

അന്നുരാത്രിയിൽ നാലുപോലീസുകാർ ചേർന്നു നടത്തിയ ഒരു പ്രാകൃത പീഢനമുറയിൽ തലയ്ക്കു ക്ഷതമേറ്റു ബോധരഹിതനായ നിക്ഷേപകനെ തുടർന്നു സെൻട്രൽ ഹോസ്പിറ്റൽ-എമർജൻസിയിൽ അഡ്മിറ്റ് ചെയ്യുകയും, ക്ഷതമേൽപ്പിച്ച ഭാഗങ്ങളുടെ 12-ഓളം X-rays എടുത്ത് ഫയലിൽ സ്വീകരിച്ച് ചികിത്സ നടത്തുകയുമുണ്ടായി.

ആശുപത്രിയിൽ നിന്നും തിരികെ കൊണ്ടുവന്ന ശേഷവും പലവിധത്തിലുള്ള മർദ്ദനങ്ങൾക്കും നിക്ഷേപകൻ വിധേയനാക്കപ്പെട്ടു. 21 ദിവസത്തെ തുടർച്ചയായ പോലീസ് - പീഢനങ്ങൾക്കുശേഷം മൃതപ്രായനായ നിക്ഷേപകനെ, വത്ബ എന്ന സ്ഥലത്തെ സെൻട്രൽ ജയിൽ അധികൃതർക്കു കൈമാറി

അങ്ങിനെ നിയമത്തിന്റെ സംരക്ഷണം അർഹിക്കുന്ന ഒരു ഉത്തമർണ്ണൻ (Decree Holder) ബിസിനസ്സിൽ വഞ്ചന നടത്തിയ എമിറാത്തിക്കെതിരെ അബുദാബിയിൽ നിയമനടപടിയെടുത്ത്, വിജയിച്ചതിനു പ്രതികാരമായി അടിച്ചവശനാക്ക പ്പെടുകയും, കൊള്ളയടിക്കപ്പെടുകയും അപമാനിതനാക്കപ്പെടുകയും, ഒരു കൊടും കുറ്റവാളിയെപ്പോലെ തുറുങ്കിലടയ്ക്കപ്പെടുകയും ചെയ്തു.

സെൻട്രൽ ജയിലിലെത്തിയതിന്റെ 7-ാം ദിവസം പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നുമുള്ള അറിയിപ്പനുസരിച്ച്, നിക്ഷേപകനെ സ്വതന്ത്ര നാക്കുകയുണ്ടായെങ്കിലും, മൂന്നാം ദിവസം തിരികെ ജയിലിലേയ്ക്കുതന്നെ നിക്ഷേപകനെ തിരിച്ചയയ്ക്കുകയെന്ന അപൂർവ്വ സംഭവവും തുടർന്ന് അരങ്ങേറി. തികഞ്ഞ ഉത്തരവാദിത്വമില്ലായ്മയുടേയും അന്നത്തെ അധികാര ബലാൽക്കാരങ്ങളുടേയും (Hijacking) മായക്കാഴ്ചകളായി തന്നെ ഈ സംഭവങ്ങൾ അവശേഷിക്കുന്നു.

വളരെ ശോചനീയമായ അവസ്ഥയിലായിരുന്നു അന്നത്തെ അബുദാബി (Al Wathba) സെൻട്രൽ ജയിൽ. കേവലം അഞ്ഞൂറുപേർക്കു താമസിക്കാവുന്നിടത്ത് മൂവ്വായിരത്തിലേറെ മനുഷ്യർ, കൂടുതലും ഇന്ത്യക്കാർ, ഫാനും വെളിച്ചവു മില്ലാത്ത കുടുസ്സുമുറികളിൽ, ശരിയായ ഭക്ഷണമോ, കുടിവെള്ളമോ, എന്തിന്, ശുദ്ധവായുവോ പോലുമില്ലാതെ നരകിച്ചു കഴിയുന്നു.

ആറുമാസങ്ങൾ കാത്തിരുന്നശേഷമാണ് പോലീസിനെ ആക്രമിച്ചു, ജോലി തടസ്സപ്പെടുത്തി എന്ന പേരിൽ (Case No. 152/1996) കേസ്സ് ചുമത്തി നിക്ഷേപകനെയും സഹോദരനേയും ക്രിമിനൽ കോടതിയിൽ ഹാജരാക്കിയത്.

പോലീസും, പ്രോസിക്യൂഷനും ഉയർത്തിയ ഭീഷണികൾ തെല്ലും വക വെയ്ക്കാതെ വ്യത്യസ്ഥ രാജ്യക്കാരായ ദൃക്സാക്ഷികൾ, അബുദാബി പോലീസ് നടത്തിയ അതിക്രമങ്ങൾ ഒന്നൊന്നായി ബഹുമാനപ്പെട്ട വിചാരണ കോടതി (Court of first instance) മുമ്പാകെ വിവരിച്ചത് ആ രാജ്യത്തെ ഒരു പുതിയ സംഭവമായിരുന്നു.

ദൃക്സാക്ഷികളായ പാക്കിസ്ഥാൻകാരും ഇറാൻവംശജരും കോടതി മുമ്പാകെ നൽകിയ മൊഴികളിൽ നിന്നും (ഇന്ത്യക്കാരെ സാക്ഷികളായി വിസ്തരിക്കാനുള്ള സാവകാശം പ്രോസിക്യൂഷൻ ഈ കേസ്സിൽ നിഷേധിക്കുകയുണ്ടായി) കോടതിവിധിയിലേയ്ക്കു പകർത്തിയിരിക്കുന്ന ചിലകാര്യങ്ങൾ ഇവിടെ കുറിക്കുന്നു.

"പോലീസുകാരൻ തന്റെ കൈവശമുണ്ടായിരുന്ന ഉദ്ദേശം ഒരു മീറ്റർ നീളമുള്ള ഇരുമ്പുപാരകൊണ്ട് ഓഫീസിന്റെ അടഞ്ഞുകിടന്ന വാതിലിൽ അടിച്ചു കൊണ്ടിരിക്കുകയും ആരെങ്കിലും അടുത്തുവരുന്നതിനെതിരെ ഭീഷണി മുഴക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇന്ത്യക്കാരും പാക്കിസ്ഥാനികളും ബംഗാളികളുമെല്ലാം കള്ളന്മാരും കൂട്ടിക്കൊടുപ്പുകാരുമാണെന്ന് അയാൾ വിളിച്ചു പറഞ്ഞു". കൂടുതലായി ഒരു കാര്യം കൂടെ പാക്കിസ്ഥാൻകാരൻ കോടതിയിൽ പറയുകയുണ്ടായി. "ഞാനൊരു പാക്കിസ്ഥാനിയാണ്. ആരോപണ വിധേയരായവർ രണ്ടുപേരും ഇന്ത്യക്കാരും. ഒരു ബന്ധവും ഞങ്ങൾ തമ്മിലില്ല."

പോലീസുകാരനെയും എമിറാത്തിയെയും ആക്രമിച്ചെന്ന പരാതി പൂർണ്ണമായും കളവാണെന്നും കെട്ടിച്ചമച്ചതാണെന്നും തന്നെയല്ല, നേരെ തിരിച്ചാണ് സംഭവിച്ചിരിക്കുന്നതെന്നും കണ്ടെത്തിയ ക്രിമിനൽ കോടതി, നിക്ഷേപകനും

അനുജനും നിരപരാധികളാണെന്നും വിധി പ്രസ്താവിച്ചു. അതോടൊപ്പം അന്യരുടെ സ്വത്തിൽ അതിക്രമിച്ചുകയറി മനുഷ്യജീവനെ അപായപ്പെടുത്താൻ ശ്രമിച്ച, പോലീസുകാരനും എമിറാത്തിക്കുമെതിരെ അന്വേഷണത്തിനു ഉത്തരവിടുകയും ചെയ്തു.

എന്നാൽ സർക്കാർ അന്യായവിഭാഗം (Public Prosecution) കോടതിവിധി യ്ക്കെതിരെ മേൽക്കോടതിയിൽ (Apex Court) അപ്പീൽ നൽകി. അപ്പീൽ സ്വീകരിച്ച ആദ്യദിവസംതന്നെ, കേസ്സിലെ ഗുരുതരമായ വസ്തുതകൾ നിരീക്ഷിച്ച, മൂന്നുജഡ്ജിമാരടങ്ങിയ, ഉന്നതന്യായാലയ സമിതി, നിക്ഷേപകനും, സഹോദരനും ജാമ്യം അനുവദിക്കുകയും, കേസ്സിനെ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി, അപ്പീലിൽ തുടർച്ചയായി വാദം കേൾക്കുമെന്ന് അറിയിക്കുകയും ചെയ്തു.

തുടർന്നു, രേഖകൾ പരിശോധിച്ചും, സാക്ഷികളെ പുനർവിസ്താരം ചെയ്തും, ആഴ്ചകൾ നീണ്ടുനിന്ന വിചാരണയ്ക്കിടെ ബഹുമാനപ്പെട്ട ഉന്നതകോടതി മുമ്പാകെ പോലീസുകാരനും എമിറാത്തിയും പിന്നെ സർക്കാർ അന്യായവിഭാഗവും തികച്ചും ഒറ്റപ്പെടുകയും, അവരുടെ വാദങ്ങൾ അതിദയനീയമായി പരാജയപ്പെടുകയും തുടർന്ന് തങ്ങളുയർത്തിയ വാദങ്ങൾ അത്രയും പിൻവലിച്ച് സ്വയം കുറ്റം ഏറ്റുപറയുകയും ചെയ്തു.

കേസ്സിലെ ഗൂഢാലോചന പുറത്തുകൊണ്ടുവന്ന പരമോന്നത കോടതി, പ്രഥമ കോടതിവിധി പൂർണ്ണമായി അംഗീകരിക്കുകയും നിക്ഷേപകനേയും സഹോദരനേയും ഉടനടി മോചിപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. കോടതി തുടർന്നു പറയുകയുണ്ടായി. “പോലീസുകാർ നടത്തിയ കൈയ്യേറ്റവും

അക്രമവും പ്രഥമദൃഷ്ട്യാ യു.എ.ഇ. ഭരണഘടന അനുശാസിക്കുന്ന മനുഷ്യാവകാശങ്ങളുടെ പ്രകടമായ ലംഘനമാണ്. രാജ്യം പീഢിതർക്കു ന്യായവും ഉചിതവുമായ നഷ്ടപരിഹാരം നൽകി, തൽസ്ഥിതി പുന:സ്ഥാപിക്കാൻ ബാധ്യതപ്പെട്ടിരിക്കുന്നു."

ഒരുനാഴികക്കല്ലെന്നു വിശേഷിപ്പിക്കാവുന്ന, തങ്ങളുടെ സുദീർഘമായ വിധിന്യായത്തിൽ അനീതിയ്ക്കു കൂട്ടുനിന്ന സർക്കാർ വിഭാഗത്തെ (Prosecution) അതിനിശിതമായി വിമർശിച്ച ഉന്നതകോടതിയുടെ പരമോന്നത ബഞ്ച്, നിക്ഷേപകന്റെ ഉചിതമായ പെരുമാറ്റത്തെ ശ്ലാഘിക്കാനും മറന്നില്ല. (വിധിയുടെ ഒറിജിനൽ പകർപ്പും (അറബിക്ക്) ഇംഗ്ലീഷ് പരിഭാഷയും A1, A2 എന്നു മാർക്ക് ചെയ്ത് ഇതോടൊപ്പം വെയ്ക്കുന്നു.)

യു.എ.ഇ.യുടെ ഉന്നതകോടതികളിൽ നിന്നും തുടർച്ചയായി ഒരു ഇന്ത്യൻ നിക്ഷേപകനനുകൂലമായി നാലു സുപ്രധാന വിധികൾ. അതിൽ മൂന്നു വിധിനിർണ്ണയങ്ങളാകട്ടെ (Judgments) അബുദാബി പോലിസിന്റെ അതിക്രമത്തിനും പകൽക്കൊള്ളയ്ക്കും എതിരെയുള്ള 'ചുവരെഴുത്തു' കളായിരുന്നുവെന്നത്, ആ കോടതികളുടെ ഔന്നത്യത്തിനു ദൃഷ്ടാന്തം. അസാധാരണമെന്നു പറയട്ടെ, രാജ്യഭരണനേതൃത്വത്തിന്റെ, അതിനിഷ്ഠൂരമായ വഞ്ചനയും കാപട്യവും മൂലം ഈ കോടതിവിധികളിൽ ഒന്നുപോലും നടപ്പാക്കിയില്ല എന്നുമാത്രമല്ല, സ്വന്തം മുഖം രക്ഷിക്കുക എന്ന ദുരുദ്ദേശത്തോടെ, വിധി ഉടമയ്ക്കെതിരെ, അത്യന്തം ഹീനവും കോടതി അലക്ഷ്യത്തിനു (Contempt of Court) ഹേതുകവുമായ, ആരോപണമുന്നയിച്ച് ഒരു കുറ്റവാളിയായി മുദ്രകുത്തി, നിക്ഷേപകനെ രാജ്യഭ്രഷ്ടനാക്കുകയാണ് യു.എ.ഇ ഭരണകൂടം ചെയ്തത്. (നിക്ഷേപകനെ

നാടുകടത്താൻ (Contempt of Court) ഉപയോഗിച്ച വ്യാജരേഖ - Deportation Order ന്റെ ഒറിജിനൽ പകർപ്പും (അറബിക്ക്) ഇംഗ്ലീഷ് പരിഭാഷയും B1, B2 എന്ന് അടയാളപ്പെടുത്തി ഇതോടൊപ്പം സമർപ്പിക്കുന്നു.

വളരെ നീതിയുക്തമായ, രാജ്യത്തെ ഉന്നതകോടതികളുടെ വിധിന്യായങ്ങളെ നിഷേധിച്ചുകൊണ്ടുള്ള, തികച്ചും അധാർമ്മികവും ഭീരുത്വപരവുമായ ഭരണ കൂടത്തിന്റെ നടപടി, നിക്ഷേപകന്റെ പൂർണ്ണ ഉടമസ്ഥതയിൽ അബുദാബിയിൽ വളരെ വിജയകരമായി പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളെയെല്ലാം അനാഥ മാക്കിത്തീർത്തു.

യു.എ.ഇ.രാഷ്ട്രപിതാവ് ഷെയ്ഖ് സായിദ് ബിൻസുൽത്താൻ അൽനഹ്യാൻന്റെ ഓഫീസുമായി 1983 മുതൽ നിക്ഷേപകന് ബിസിനസ്സ് സംബന്ധമായ അടുപ്പമുണ്ടായിരുന്നു. അദ്ദേഹത്തിനും കുടുംബാംഗങ്ങൾക്കും അബുദാബി കോർണീഷിലും പരിസരത്തുമുണ്ടായിരുന്ന നിരവധി ബിൽഡിംഗുകൾ ഡെമോളിഷിങ്ങിനും ലാന്റ് സ്കേപ്പിങ്ങിനുമായി, 1991 മുതൽ 1994 വരെയുള്ള കാലയളവിൽ നിക്ഷേപകൻ ഏറ്റെടുക്കുകയും 300-ൽപ്പരം ജോലിക്കാരെ, തന്റെ സ്ഥാപനങ്ങൾ വഴി അതിനുവേണ്ടി നിയോഗിക്കുകയും ചെയ്തിരുന്നു.

അങ്ങിനെ ആ രാജ്യത്തിന്റെ വളർച്ചയ്ക്കു വലിയ സംഭാവനകൾ ചെയ്തിരുന്നതുമായ " Electro-Mechanical Engineering Est, General Contracting Est, Building Material Trading Est.," തുടങ്ങി കുറഞ്ഞത് പത്ത് കോടി യു.എസ്.ഡോളർ (100 Million) മൂല്യമുണ്ടായിരുന്ന മൂന്നു വാണിജ്യസ്ഥാപന ങ്ങളുടേയും മറ്റു റിയൽ എസ്റ്റേറ്റു നിക്ഷേപങ്ങളുടേയും സർവ്വ നാശത്തിലാണ് U.A.E ഭരണകൂടത്തിന്റെ നടപടികൾ കലാശിച്ചത്.

കോടതിവിധികളെ അംഗീകരിക്കുകയും, മാനിക്കുകയും, അനുസരിക്കുകയും ചെയ്യുന്നതിനുപകരം, മനുഷ്യാവകാശങ്ങളുടെ നഗ്നമായ ലംഘനം നടത്തിയ യു.എ.ഇ. ഭരണാധികാരിക്കു (വിധികടക്കാരന്) നിയമമനുശാസിക്കുന്ന ബാദ്ധ്യതകളിൽ നിന്നും ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ല. പ്രത്യേകിച്ചും നിയമം നിഷ്കർഷമായി പാലിക്കണമെന്നു നിർബന്ധമുള്ള ഒരു ഭരണനേതൃത്വം ഒരിക്കലും അതിനനുവദിക്കുകയുമില്ല.

ഖാലിദ് ഹസ്സൻ എന്ന യു.എസ്.പൗരനെ, യു.എ.ഇ.യുടെ ഇന്നത്തെ ഭരണാധികാരിയും കിരീടാവകാശിയുമടക്കം മൂന്നുപേർ ചേർന്ന്, 1984 ൽ യു.എ.ഇ.തടവറയിൽ പീഢിപ്പിച്ചതായ പരാതി യു.എസ്.ഫെഡറൽ കോടതി സ്വീകരിക്കുകയും തുടർന്ന് മൂന്നു വർഷത്തിനകം (2009-2013) കേസ്സ് ഒത്തുതീർപ്പിലെത്തുക യുമുണ്ടായി. (The Intercept, report) ഇതുമായി തുലനം ചെയ്യുമ്പോൾ, ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവനുസരിച്ച് 1997-ലും പിന്നീട് 2007 ലും ഡൽഹി ഹൈക്കോടതിയിൽ നിക്ഷേപകൻ സമർപ്പിച്ച കേസ്സുകളിലെ അനുകൂല വിധി ന്യായങ്ങൾ ഉണ്ടായിട്ടുപോലും (മൊത്തം ആറു കോടതിവിധികൾ) ഇനിയും തീർപ്പായിട്ടില്ലാത്ത ഈ യു.എ.ഇ നിക്ഷേപകന്റെ കേസ്സിൽ എത്രയും വേഗം സങ്കടപരിഹാരം ഉറപ്പാക്കി പ്രശ്നം അവസാനിപ്പിക്കേണ്ടത് ന്യായം മാത്രമാണ്; മനുഷ്യാവകാശസംരക്ഷണം മാത്രമാണ്.

ഈ കേസ്സുമായി ബന്ധപ്പെട്ടു കേന്ദ്രഗവൺമെന്റിൽ നിന്നും അവസാനം ലഭിച്ച അറിയിപ്പും (02.04.2018/MEA) തുടർന്നു അബുദാബിയിലെ ഇന്ത്യൻ

എമ്പസിയിൽ നിന്നും കിട്ടിയ രണ്ടു ഈമെയിൽ സന്ദേശങ്ങളും അതിനു നൽകിയ മറുപടികൾ സഹിതം, C1, C2, C3 എന്നടയാളപ്പെടുത്തി ഇതോടൊപ്പം സമർപ്പിക്കുന്നു.

താങ്കളെ നേരിൽ കണ്ട് മതിയായ രേഖകൾ സമർപ്പിക്കാനും കാര്യങ്ങൾ വിശദീകരിക്കാനും ആഗ്രഹിക്കുന്നു എന്നു കൂടി സൂചിപ്പിച്ചുകൊള്ളട്ടെ. അതിനൊരവസരം നൽകാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

സസ്നേഹം

Overseas Indians' Legal Cell
- Sole Proprietorship

പി.കെ.ജാബിർ

**Founder-CEO,**
**Overseas Indian's Legal Cell,**
**501, Metro Plaza, Near High Court,**
**Market Road, Kochi, Kerala-682 018.**
**(Website: www.uae.jabir.net)**

# INDEX

Below is a list of supporting documents -
along with the letter to Mr. Yusuff Ali M.A.

[Click the links to download]


| Sl No. | Description of Documents | Date | Item | No of pages |
|---|---|---|---|---|
| 1 | Final Judgment (Apex Court) of the Ministry of Justice, Abu Dhabi, U.A.E. (Arabic) | 19-05-1996 | A 1 | 5 |
| 2 | English Translation of the final Judgment | | A2 | 9 |
| 3 | 'Deportation order' by the Ministry of Interior, Abu Dhabi, U.A.E. (Arabic) | 28-09-1996 | B1 | 1 |
| 4 | English Translation of the 'Deportation order' | | B2 | 2 |
| 5 | Letter from Ministry of External Affairs (MEA), New Delhi (No. G-202/05/2017) | 02-04-2018 | C1 | 1 |
| 6 | Reply to Ministry of External Affairs (MEA) | 12-04-2018 | C2 (R) | 4 |
| 7 | Email from First Secretary, Embassy of India, Abu Dhabi | 29-04-2018 | C3 | 5 |
| 8 | Reply to First Secretary, Embassy of India, Abu Dhabi | 12-05-2018 | C3 (R) | 6 |


ARCHIVE - JABIR CASE [TIMELINE] EXHIBITS:-

http://www.uae.jabir.net/

[http://legalcell.com/founder-ceo.php]